# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ:  doknr.ksad@kerala.gov.in

ഫോൺ :  0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ / കെ.എൻ.ആർ.സി.3/417/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/05/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ / കെ.എൻ.ആർ.സി.3/417/21 തീയ്യതി: 12/05/2021

## കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2020 മുതൽ 21-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശശികുമാർ.എം.പി | ഡെപ്യൂട്ടി ഡയരക്ടർ (ഹയർ ഗ്രേഡ്) | 22-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ ഷൈജു മാത്യു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീ വിജോഷ്.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,(23-03-21 മുതൽ 27-03-21 വരെ),
ശ്രീമതി ബിസ്മി എസ് നായർ,ഓഡിറ്റർ,
ശ്രീമതി അനു അബ്രഹാം,ഓഡിറ്റർ (24-03-21 മുതൽ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ,രാജേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സന്തോഷ് കുമാർ വി.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് കുമാർ.വി പി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.വി രാജീവൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ.രാജൻ.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ് | 18-07-2019 | 29-07-2019 |
| ശ്രീ ചന്ദ്രശേഖരൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 31-03-2020 |
| ശ്രീ,ഗംഗാധരൻ. എം | കൃഷി ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി രാഗിഷ രാംദാസ് | കൃഷി ഓഫീസർ | 01-07-2019 | 22-10-2019 |
| ശ്രീമതി രമ്യാഭായി എം.ആർ | കൃഷി ഓഫീസർ | 23-10-2019 | 31-03-2020 |
| ശ്രീമതി ശ്രീലത.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 24-01-2020 |
| ശ്രീ രൂപേഷ്.ടി | അസിസ്റ്റന്റ് എൻജിനീയർ | 25-01-2020 | 31-03-2020 |
| ഡോ:സീമ.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ:മുഹമ്മദ് ബഷീർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 01-11-2019 |
| | | | |

| | | | |
|---|---|---|---|
| ഡോ:സമീർ.കെ | വെറ്ററിനറി സർജ്ജൻ | 02-11-2019 | 31-03-2020 |
| ശ്രീമതി ചിത്രലേഖ.എ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 25-12-2019 |
| ശ്രീമതി ശൈലജ.പി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 26-12-2019 | 31-03-2020 |
| ശ്രീമതി സതീദേവി.പി.എം | ഹെഡ്മിസ്ട്രസ്,ജി എൽ പി എസ് മാവിച്ചേരി | 01-04-2019 | 31-03-2020 |
| ശ്രീമതി ജീനാകൃഷ്ണൻ | വി ഇ ഒ,പരിയാരം സർക്കിൾ | 01-04-2019 | 17-10-2019 |
| ശ്രീമതി സജിത.കെ | വി ഇ ഒ ,പരിയാരം സർക്കിൾ | 18-10-2019 | 31-03-2020 |
| ശ്രീമതി സിന്ധു.എം | വി ഇ ഒ ,കുറ്റ്യേരി സർക്കിൾ | 01-04-2019 | 17-10-2019 |
| ശ്രീമതി സജിത.കെ | വി ഇ ഒ,കുറ്റ്യേരി സർക്കിൾ-ഇൻചാർജ് | 18-10-2019 | 02-12-2019 |
| ശ്രീ വിവേക് ഭാസ്കരൻ | വി ഇ ഒ ,കുറ്റ്യേരി സർക്കിൾ | 03-12-2019 | 31-03-2020 |
| ഡോ:അനുമോൾ ജോസ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2019 | 18-09-2019 |
| ഡോ:ആനന്ദ് വി കുറാർത്തിക് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 25-09-2019 | 31-01-2020 |
| ഡോ:പൊന്നി ജെ കുമാർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-1 |
| 3 | പദ്ധതിയേതരചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ സ്ഥാപനമേധാവികൾ വീഴ്ച വരുത്തുന്നു<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-2 |
| 4 | കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് ഭരണസമിതി അംഗീകരിച്ചു.<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-3 |
| 5 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-4 |
| 6 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-5 |
| 7 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-6 |
| 8 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Shyju Mathew (Asst. Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-2 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Shyju Mathew (Asst. Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-5 |
| 12 | ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-5-1 |
| 13 | വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്-വികസനഫണ്ട് ചെലവഴിക്കാൻ | 1-5-2 |

| | | |
|---|---|---|
| | സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 2.57 കോടി രൂപ നഷ്ടപ്പെട്ടു.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-7 |
| 16 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-03-2021) | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-03-2021) | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-10 |
| 19 | തൊഴിൽ നികുതി നിർണ്ണയിച്ചതിലെയും ചുമത്തിയതിലെയും അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 30-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 31-03-2021) | 1-11 |
| 20 | എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.<br>Written By: Anu Abraham (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-12 |
| 21 | എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് നിർണ്ണയത്തിലെ അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-13 |
| 22 | ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം.<br>Written By: Anu Abraham (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-14 |
| 23 | ഇ ടെണ്ടർ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-15 |
| 24 | കരാറുകാർക്ക് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകങ്ങൾ.9,33,740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | 1-16 |
| 25 | രാജീവ് ദശലക്ഷം -പട്ടേരിക്കുന്ന് റോഡ് ടാറിംഗ് :എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ-നിർവഹണ ഘട്ടത്തിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്ന സാഹചര്യം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-17 |
| 26 | പൊതുമരാമത്ത് പ്രവൃത്തികളിൽ ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-18 |
| 27 | | 1-19 |

| | | |
|---|---|---|
| | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി ബിൽ മാറുന്നതിലെ കാലതാമസം പദ്ധതിവിഹിതം ലാപ്സാകുന്നതിന് കാരണമായി.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | |
| 28 | അസിസ്റ്റന്റ് എൻജിനീയർ-കാഷ് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിലെ അപാകതകൾ.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-20 |
| 29 | പൊതുമരാമത്ത് പ്രവൃത്തി-ഫയലുകളിൽ സുപ്രധാനരേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Shyju Mathew (Asst. Audit Officer, On 30-03-2021) | 1-21 |
| 30 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 30-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | 1-22 |
| 31 | ഡോൺബോസ്കോ സ്കൂളിലേക്ക് കളിയുപകരണങ്ങൾ-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹86069 തടസ്സപ്പെടുത്തുന്നു.<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-23 |
| 32 | വായനാമൂല-വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തുക₹50000 തടസ്സപ്പെടുത്തുന്നു<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: Bismi S Nair (Auditor, On 30-03-2021) | 1-24 |
| 33 | അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹149879 തടസ്സപ്പെടുത്തുന്നു<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | 1-25 |
| 34 | അംഗൻവാടി പോഷകാഹാര പദ്ധതി-രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹207304 തടസ്സപ്പെടുത്തുന്നു.<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | 1-26 |
| 35 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-അപാകതകൾ<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-27 |
| 36 | സംരംഭകത്വ പ്രോത്സാഹനം-റിവോൾവിംങ് ഫണ്ട് തിരിച്ച് ഒടുക്കുന്നതിൽ വീഴ്ച്ച.<br>Written By: Bismi S Nair (Auditor, On 30-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 31-03-2021)<br>Last Updated By: Dhanya.M.V (Auditor, On 29-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 29-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-05-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വരവ്-ചെലവ് പത്രിക | |
| 3 | ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്.

പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടക്രമങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 12-02-2019 തീയതിയിലെ യോഗ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 വാർഷിക കരട് ബജറ്റ് നിർദ്ദേശങ്ങൾ പരിയാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-02-2019 തീയതിയിലെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-1) 16-02-2019 തീയതിയിൽ ചേർന്ന യോഗത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിന് മുൻപായി തന്നെ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിനാൽ വാർഷിക പദ്ധതികളും ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 31-01-2020 തീയതിയിലെ 07/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 വർഷത്തെ റിവൈസ്ഡ് ബജറ്റ് നിർദ്ദേശങ്ങൾക്ക് ഭരണസമിതിയുടെ അംഗീകാരം നൽകിയത് സംബന്ധിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | ചുരുക്കം സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | ചർച്ച നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര | മാർച്ച് 1-ന് മുൻപ് | 12-02-2019 ന് തയ്യാറാക്കിയത് |

| | | |
|---|---|---|
| നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 14-02-2019ന് നടന്ന പ്രത്യേക യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 16-02-2109നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-1-2 പദ്ധതിയേതരചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ സ്ഥാപനമേധാവികൾ വീഴ്ച വരുത്തുന്നു

ബജറ്റ് രൂപീകരണത്തിന്റെ ഭാഗമായി പദ്ധതിയേതരനിർദ്ദേശങ്ങൾ സ്ഥാപനമേധാവികൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുണ്ട്.എന്നാൽ ചുരുക്കം സ്ഥാപനമേധാവികൾ മാത്രമാണ് ഇത്തരത്തിൽ പദ്ധതിയേതരനിർദ്ദേശങ്ങൾ സമർപ്പിച്ചത്.എല്ലാ സ്ഥാപനമേധാവികളും പദ്ധതിയേതരചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയതിന്റെയടിസ്ഥാനത്തിൽ മാത്രം ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-1-3 കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് ഭരണസമിതി അംഗീകരിച്ചു.

പരിയാരം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 14-02-2019 തീയതിയിലെ യോഗത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും 16-02-2019 തീയതിയിൽ ചേർന്ന ഭരണസമിതി തീരുമാനപ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ വിശകലനത്തിനോ പരിശോധനക്കോ വിധേയമാക്കുന്നതിന് മതിയായ സമയമെടുത്തിട്ടില്ലാത്തതിനാൽ കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ വിശകലനത്തിനോ പരിശോധനക്കോ വിധേയമാക്കാതെയാണ് ബജറ്റ് പാസ്സാക്കിയതെന്ന് വ്യക്തമാണ്.ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും ഭേദഗതികൾ നിർദ്ദേശിക്കാതെയും പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-4 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

## 1-1-5 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ വരവ് -ചെലവുകൾ കൂടി പരിഗണിക്കാറുണ്ട്.എന്നാൽ മുൻവർഷങ്ങളിലെ വിവിധ വരവിനങ്ങളിൽ ലഭിച്ച തുകയും ചെലവ് തുകയും പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ചുവടെ കൊടുത്തിരിക്കുന്ന താരതമ്യപട്ടികയിൽ നിന്ന് വ്യക്തമാണ്.അംഗീകരിച്ച ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ വരവിൽ 50.50 ശതമാനത്തിന്റെയും ചെലവിൽ 46.20 ശതമാനത്തിന്റെയും കുറവ് വന്നതായി കാണുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് (വരവ് -ചെലവ് പത്രികയുടെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| മുന്നിരിപ്പ് | 6304403 | 0 | |
| വരവ് | 303062000 | 303537500 | 150299191 |
| ആകെ | 309366403 | 303537500 | |
| ചെലവ് | 304815150 | 298064150 | 160296037 |
| നീക്കിയിരിപ്പ് | 4551253 | 5473350 | |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥവരവ് ചെലവുകളും തമ്മിലുള്ള വലിയ അന്തരം വ്യക്തമാക്കുന്നത് ബജറ്റ് തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ചയാണ്.

## 1-1-6 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്.പരിയാരം ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദശം പിന്നീട് ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.2019-2020 സാമ്പത്തികവർഷത്തിൽ വിവിധ നികുതിയേതരവരുമാനങ്ങളായ ഫീസ് & യൂസർ ചാർജിനങ്ങളിലായി (പെനാൽട്ടീസ് & ഫൈൻ ഒഴികെ)13,71,128 രൂപ ലഭ്യമായിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള 5% വർദ്ധനവ് നടപ്പാക്കാത്തതിനാൽ 68556/- രൂപയുടെ വരുമാനഷ്ടം (13,71,128 രൂപയുടെ 5%) ഗ്രാമപഞ്ചായത്തിനുണ്ടായി. തനത് വരുമാനവർദ്ധനവിനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.എല്ലാ ഘടകസ്ഥാപനമേധാവികളിൽ നിന്നും പദ്ധതിയേതരചെലവ് സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

| വാർഷിക കണക്കുകൾ ലഭിക്കേണ്ട തിയ്യതി | വാർഷിക കണക്കുകൾ ലഭിച്ച തിയ്യതി | വാർഷിക കണക്കുകൾ തിരിച്ചയച്ച തിയ്യതി. |
|---|---|---|
| 31.7.2020 | 1.6.2020 | തിരിച്ചയച്ചിട്ടില്ല. |

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

1) 2018-19 വർഷത്തെ ബി-4 പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിലെ നീക്കി ബാക്കി 10,62,547/- രൂപയാണ്. 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ വരവുമില്ല. എന്നാൽ 2019-20 വർഷത്തെ ബി 4 പത്രികയിൽ ഈ ഇനത്തിലെ നീക്കി ബാക്കി 11,90,553/- ആണ്. നീക്കിയിരിപ്പിൽ വർദ്ധനവ് വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) 2019-20 വർഷത്തിൽ അഡ്ജസ്റ്റ് ചെയ്ത വസ്തു നികുതി മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 വർഷത്തിൽ അഡ്ജസ്റ്റ് ചെയ്തതായി കണക്കാക്കേണ്ട തുക താഴെ പറയും പ്രകാരം 2,05,419/- രൂപയാണ്.

2018-19 ലെ ബി 9 പ്രകാരമുള്ള തുക : 12,55,744/-

2019-20 വർഷത്തെ വരവ് (RP 36) : 22,714/-

ആകെ : 12,78,458/-

2019-20 വർഷത്തെ ബി 4 പ്രകാരമുള്ള തുക : 10,73,039/-

വ്യത്യാസം (അഡ്ജസ്റ്റ് ചെയ്ത തുക) : 2,05,419/-

എന്നാൽ സഞ്ചയ പത്രിക പ്രകാരം തൻവർഷത്തിൽ അഡ്ജസ്റ്റ് ചെയ്ത തുക 1,09,957/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3) 2019-20 ലെ അഡ്വാൻസ് രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം Other Advance Pending Collection 18,10,293/- രൂപയാണ്. എന്നാൽ ഈ ഇനത്തിൽ ബി 18 പ്രകാരമുള്ള തുക 6,75,843/- ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4) 2018-19 വർഷത്തിലെ ബി 9 പത്രികയിലെ Advance Collection Of Sale Of Usufructs എന്ന ഇനത്തിലെ 50,525/- രൂപ 2019-20 വർഷത്തിലെ ബി 9 പത്രികയിലും തുടരുന്നു.

5) 2018-19 വർഷത്തിലെ ബി 9 പത്രികയിലെ Advance Collection Of Revenue -Other Receipts എന്ന ഇനത്തിലെ 1,13,900/- രൂപ 2019-20 വർഷത്തിലെ ബി 9 പത്രികയിലും തുടരുന്നു. ഇത് ഏത് ഇനത്തിലുള്ള

തുകയാണെന്നും വ്യക്തമല്ല.

6) 2018-19 വർഷത്തെ ബി 9 പത്രികയിൽ Refunds Payable-Other Taxes എന്ന ഇനത്തിൽ കാണുന്ന 4,006/- രൂപ 2019-20 വർഷത്തിലെ B-9 പത്രികയിലും തുടരുന്നു.ഇതിന്റെ ഇനവും വ്യക്തമാക്കിയിട്ടില്ല.

7) ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30047995 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73031806 |
| ആകെ | 103079801 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73016001 |
| നീക്കിയിരിപ്പ് | 30063800 |
| വരവിനങ്ങളിലുള്ള നഷ്ടം | 9000 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1426992 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് (ക്യൂബിൽ തുകകൾ) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 14900490 | 14900490 | 12200909 | 0 | 2699581 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3939000 | 3939000 | 3276104 | 0 | 662896 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 161000 | 161000 | 86000 | 0 | 75000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11727891 | 11727891 | 6050650 | 0 | 5677241 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 23408000 | 23408000 | 7890022 | 15517978 | 0 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 5009000 | 5009000 | 2688007 | 2188881 | 499126 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | | |
| പശ്ചിമഘട്ട വികസന പദ്ധതി | 91024 | 4551 | 95575 | 0 | 95575 | 0 |
| സാക്ഷരതാ പദ്ധതി | 5361 | 161 | 5522 | 0 | 5522 | 0 |
| കേന്ദ്രാവിഷ്കൃ ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| ശുചിത്വ മിഷൻ | 862161 | 1288594 | 2150755 | 1947456 | 203299 | 0 |
| ഐ.സി.ഡി.എസ് | 1139047 | 296582 | 1435624 | 0 | 1435629 | 0 |
| തൊഴിലുറപ്പ് | 70396.82 | 29568800 | 29639196.82 | 29352822 | 286374 | 0 |

1)<u>ശുചിത്വമിഷൻ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല</u>

ശുചിത്വമിഷൻ ചെലവിനത്തിൽ സുലേഖ ചെലവ് പത്രികയിലെ തുകയും (14,73,875/- രൂപയും) ഇൻകം & എക്സ്പെൻഡിച്ചറിലെ 1-7 ലെ തുകയും (19,47,456/- രൂപ) വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതിൽ 1-7 ലെ തുകയാണ് മുകളിൽ കാണിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2)ഗ്രാന്റ് വിനിയോഗ പത്രികകളിലെ അപാകങ്ങൾ.

1)കേന്ദ്രാവിഷ്കൃത പദ്ധതികൾ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗ്രാന്റ് വിനിയോഗ പത്രികയുടെ സംഗ്രഹത്തിൽ മുൻബാക്കി, തൻവർഷ വരവ് എന്നിവ ഇല്ലയെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ 14,73,875/- രൂപ ചെലവ് കാണിച്ചിരിക്കുന്നതിനാൽ നീക്കി ബാക്കിയായി -14,73,875/- രൂപകാണിച്ചിരിക്കുന്നു. എന്നാൽ ഇതിന്റെ തന്നെ വിശദമായ പട്ടികയിൽ തൻവർഷം 54,64,596/- രൂപ വരവുള്ളതായും 14,73,875/- രൂപ ചെലവുള്ളതായും നീക്കിബാക്കി 39,90,271/- രൂപയായുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഇനത്തിലെ യഥാർത്ഥ വരവ് ചെലവുകണക്കുകൾ വാർഷിക ധനകാര്യപത്രികയുടെ അടിസ്ഥാനത്തിൽ മുകളിലെ പട്ടികയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം താഴെ കൊടുക്കുന്ന വിധമാണ്.

| | |
|---|---|
| മുൻബാക്കി | 2071604.82 |
| തൻവർഷ വരവ് (തൊഴിലുറപ്പ് പദ്ധതിയുടെ വേതനം ഒഴികെ) | 2669875 |
| ആകെ | 4741479.82 |
| ചെലവ് (തൊഴിലുറപ്പ് പദ്ധതിയുടെ വേതനം ഒഴികെ) | 2816177 |
| നീക്കിബാക്കി | 1925302 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ.

സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗ്രാന്റ് വിനിയോഗ പത്രികയുടെ സംഗ്രഹത്തിൽ മുൻബാക്കി, തൻവർഷ വരവ് എന്നിവ ഇല്ലായെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ 18,73,581/- രൂപ ചെലവ് കാണിച്ചിരിക്കുന്നതിനാൽ നീക്കി ബാക്കിയായി -18,73,581/- രൂപ കാണിച്ചിരിക്കുന്നു. എന്നാൽ ഇതിന്റെ തന്നെ വിശദമായ പട്ടികയിൽ തൻവർഷം 2,40,95,000/- രൂപ വരവുള്ളതായും 18,73,581/- രൂപ ചെലവുള്ളതായും നീക്കിബാക്കി 2,22,21,419/- രൂപയായുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഇനത്തിലെ യഥാർത്ഥ വരവ് ചെലവുകണക്കുകൾ വാർഷിക ധനകാര്യപത്രികയുടെ അടിസ്ഥാനത്തിൽ മുകളിലെ പട്ടികയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം താഴെ കൊടുക്കുന്ന വിധമാണ്.

| | |
|---|---|
| മുൻബാക്കി | 96385 |
| തൻവർഷ വരവ് | 4712 |
| ആകെ | 101097 |
| ചെലവ് | 0 |
| നീക്കിബാക്കി | 101097 |

ഗ്രാന്റ് വിനിയോഗ പത്രികകളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 220 | 149899322 | 114 | 70665879 | 24 | 29 | 90 | 41 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 16008466 | 13028131 | 81.3 |
| വെറ്റിനറി സർജ്ജൻ | 9 | 8 | 4410000 | 1920876 | 43.56 |
| വി ഇ ഒ | 18 | 12 | 33198607 | 16856153 | 50.77 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 6 | 5 | 1316000 | 877742 | 66.7 |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | 3 | 3 | 1050000 | 1050000 | 100 |
| ഹെഡ്മാസ്റ്റർ | 10 | 8 | 2150000 | 1784163 | 82.98 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 5 | 6497900 | 5053019 | 77.76 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1018000 | 590750 | 58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 124 | 66 | 74528184 | 25246787 | 33.81 |
| സെക്രട്ടറി | 27 | 15 | 9722165 | 4258258 | 43.8 |
| | 220 | 136 | 149899322 | 70665879 | 47.14 |

## <u>1-5-1 ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ച</u>

സർക്കാരിന്റെ 09-01-2017 തീയതിയിലെ ജി.ഒ(എം.എസ്)നം.10/2017 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ആസൂത്രണ സമിതി അംഗങ്ങൾ തന്നെയാണ് 2019-2020 സാമ്പത്തിക വർഷത്തിലും തുടർന്നുവന്നിരുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ)നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ

മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണ സമിതിയുടെ സുപ്രധാന ചുമതലകൾ. ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2019-20 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു തവണ മാത്രമാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള സുപ്രധാന ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആസൂത്രണ സമിതിക്ക് സാധിച്ചിട്ടില്ലെന്ന് പദ്ധതി അവലോകനം ചെയ്താൽ വ്യക്തമാകുന്നു.

## 1-5-2 വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതക്കുറവ്-വികസനഫണ്ട് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 2.57 കോടി രൂപ നഷ്ടപ്പെട്ടു.

2019-2020 സാമ്പത്തിക വർഷത്തിൽ 61 സ്പിൽ ഓവർ പ്രോജക്ടുകളും 159 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 220 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിൽ 99 പ്രോജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്. വിവിധ പദ്ധതികൾക്കായി 14,98,99,322/- രൂപ വകയിരുത്തിയതിൽ 7,06,65,879/- രൂപ മാത്രമാണ് ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം-സാധാരണഫണ്ട് | 14900490 | 13461229 | 1439261 | 90.34 |
| എസ്.സി.പി. | 3939000 | 3276104 | 662896 | 83.17 |
| ടി.എസ്.പി | 161000 | 86000 | 75000 | 53.42 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11727891 | 6050650 | 5677241 | 51.59 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 23408000 | 7890022 | 15517978 | 33.71 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5009000 | 2688007 | 2320993 | 53.66 |
| | 5,91,45,381 | 3,34,52,012 | 2,56,93,369 | 43.44 |

സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 2,56,93,369/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ് (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 28484101 | 28484101 | 28484101 | 0 |
| ഭരണചെലവുകൾ | 70396 | 1089088 | 1159484.82 | 873110 | 286374 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 ലെ ആക്ഷൻ പ്ലാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.12.18 ലെ 3/1 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും പ്രസ്തുത ആക്ഷൻ പ്ലാൻ തീരുമാനം നമ്പർ 168/18 തീയതി 19.12.18 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 867 പ്രവൃത്തികളിലായി 842510 തൊഴിൽ ദിനങ്ങളാണ് പ്രതീക്ഷിച്ചിരുന്നത്. 22,83,20,210/- രൂപ അവിദഗ്ധ തൊഴിലിനും 3,07,67,554/-രൂപ വിദഗ്ധ അർദ്ധവിദഗ്ധ തൊഴിലിനും 11,84,92,363/- രൂപ സാധന ഘടകവും ഉൾപ്പെടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ പ്രതീക്ഷിത ചെലവ് 37,75,80,127/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 2,84,84,101/- രൂപയാണ്. യഥാർത്ഥ ചെലവും ആക്ഷൻ പ്ലാൻ പ്രകാരം പ്രതീക്ഷിത ചെലവും തമ്മിൽ ഭീമമായ അന്തരമുണ്ട്. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30480 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 2454000 | 667 |
| വിധവാപെൻഷൻ | 4168800 | 1215 |
| വാർദ്ധക്യകാലപെൻഷൻ | 33630000 | 2321 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 1353900 | 400 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 477000 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.03.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6956 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈസൻസ് എടുക്കാത്ത കച്ചവട സ്ഥാപനങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.02.2021 | 2020 സെപ്തംബർ -ഡിസംബർ | 11.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2020 വരെ | 2015-16 മുതൽ 2019-20 വരെ | 15-09-2020 |

## 1-11 തൊഴിൽ നികുതി നിർണ്ണയിച്ചതിലെയും ചുമത്തിയതിലെയും അപാകങ്ങൾ

1.പഞ്ചായത്തു പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല.

2019-20 ലെ FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരം 562 സ്ഥാപനങ്ങളാണ് 2019-20 വർഷം ലൈസൻസ് നേടിയിരിക്കുന്നത്. എന്നാൽ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയിരിക്കുന്നത് 502 സ്ഥാപനങ്ങൾ(ലൈസൻസ് ആവശ്യമില്ലാത്ത ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) മാത്രമാണ്.

2.തൊഴിൽ നികുതി രജിസ്റ്ററിലെ അപാകം

സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര് ചേർക്കാതെ ഉടമയുടെ പേര് മാത്രമാണ് ചേർത്തിരിക്കുന്നത്. അതിനാൽ എല്ലാ സ്ഥാപനങ്ങളും സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന പരിശോധിക്കുക സാധ്യമല്ല.

3.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

എ)സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കള്ളുഷാപ്പ്,പൊയിൽ |
| 2 | കള്ളുഷാപ്പ്,ഇരിങ്ങൽ |
| 3 | കള്ളുഷാപ്പ്,പാച്ചേനി |
| 4 | മാവേലി സ്റ്റോർ,ചുടല |

ബി) 2019-20 തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പരിയാരം സർവ്വീസ് സഹകരണ ബാങ്ക്,ഈവനിംഗ് ബ്രൗഞ്ച്,സി.പൊയിൽ എന്ന സ്ഥാപനം തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കിയതായി കാണുന്നില്ല.

4.<u>തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.</u>

ലൈസൻസ്ഡ്ബിൽഡിംഗ് സൂപ്പർവൈസർമാർ,പഞ്ചായത്തിൽ 2019-20 വർഷം മരാമത്ത് പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കോൺട്രാക്ടർമാർ എന്നിവർ തൊഴിൽ നികുതി ഒടുക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

5.<u>വരുമാന പരിശോധന ആവശ്യമുണ്ട്.</u>

| സ്ഥാപനം | ഫോറം6ൽ നൽകിയിരിക്കുന്ന വരുമാനം | ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്,വെള്ളാവ് | 99500 | 750 |
| കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്,കാഞ്ഞിരങ്ങാട് ബ്രാഞ്ച് | 44500 | 300 |
| കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്,തലോര ബ്രാഞ്ച് | 44000 | 300 |
| കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്,പുഷ്പഗിരി ബ്രാഞ്ച് | 44000 | 300 |
| കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്,കാർക്ക ബ്രാഞ്ച് | 44500 | 300 |

മേൽ സ്ഥാപനങ്ങൾ ഫോറം 6 ൽ നൽകിയിരിക്കുന്ന വരുമാനം മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ടേൺ ഓവർ കൂടി കണക്കിലെടുത്ത് പരിശോധിക്കപ്പെടേണ്ടതാണ്.
6.കാഞ്ഞിരങ്ങാട് ശ്രീ വൈദ്യനാഥക്ഷേത്രം ഉൾപ്പെടെയുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്ന് നാളിതുവരെയായി തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാനനഷ്ടത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറി നം.6/29.3.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-12 എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.</u>

1. 2019-20 വർഷത്തെ എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസിനേക്കാൾ കുറഞ്ഞ നിരക്കാണ് ഈടാക്കിയത്.

| FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള നം. | ലൈസൻസിയുടെ പേര് | ലൈസൻസ് ആവശ്യം | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 97 | എം.പി.അബൂബക്കർ | മരമില്ല് | 1-2.5 Crore | 3000 119020100611 /30.09.19 | 5000 | 2000 |
| 110 | രമ്യാ ബിനോയ് | പ്ലൈവുഡ് നിർമ്മാണം | >1 Crore | 2000 119020100904 /10.05.19 | 5000 | 3000 |
| 398 | അയൂബ് പി. | ബ്ലോക്ക് ബോർഡ് നിർമ്മാണം | 1-5 Crore | 3000 119020105701 /7.11.19 | 5000 | 2000 |
| 408 | എം.വി.ബെന്നി | മരമില്ല് | 1-5 Crore | 3000 119020105942 /14.11.19 | 5000 | 2000 |
| | | | | ആകെ | | 9000 |

2. എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് രജിസ്റ്റർ, ക്രമ നം. 3 പ്രകാരം അക്വാനോഷ് മറൈൻ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം ₹10,000 ആണ് ലൈസൻസ് ഫീ ആയി ഈടാക്കിയത്. എന്നാൽ, 2019-20 ൽ ₹5,000 ആണ് ഈടാക്കിയിരിക്കുന്നത്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത് എന്നിരിക്കെ ലൈസൻസ് ഫീയിൽ കുറവു വരാനിടയായ സാഹചര്യം വ്യക്തമല്ല. കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് നിർണ്ണയത്തിലെ അപാകതകൾ

1. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം സ്ഥാപനത്തെ ഉൽപാദന മേഖല,സേവന മേഖല എന്നിങ്ങനെ തരം തിരിച്ച്

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും.എന്നാൽ 2019-20 വർഷത്തെ എഫ്.റ്റി.ഇ. & ഒ.എസ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും നിരവധി അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ നിർണ്ണയിച്ചിരിക്കുന്നത്. അതിനാൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം പൂർണ്ണമായി ലഭ്യമായോയെന്ന് വ്യക്തമല്ല.ആയത് പുനപരിശോധിച്ച് ലൈസൻസ് ഫീസിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2.മൂലധന നിക്ഷേപത്തിന് ആനുപാതികമായി FTE&OS ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2, പഞ്ചായത്ത് തീരുമാനം എന്നിവ പ്രകാരം ഈടാക്കേണ്ട പരമാവധി ഫീസിനേക്കാൾ അധികരിച്ച നിരക്ക് ഈടാക്കിയിട്ടുണ്ട്.ഉദാ:

| FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള നം. | ലൈസൻസിയുടെ പേര് | ലൈസൻസ് ആവശ്യം | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 29 | ഷെരീഫ് സി.കെ. | പൗൾട്രി ഫാം | 5 ലക്ഷം | 1000 | 300 |
| 84 | എസ്.എ.പി.നവാസ് | പെയിന്റ് നിർമ്മാണം | 10 ലക്ഷം | 3000 | 500 |
| 112 | പി.പി.അബ്ദുള്ള | പെയിന്റ് നിർമ്മാണം | 3 ലക്ഷം | 2000 | 200 |

3. FTE&OS ലൈസൻസ് നൽകൽ ചട്ടങ്ങൾ,ചട്ടം 7,പട്ടിക 2 ൽ പ്രതിപാദിക്കാത്ത തുക ലൈസൻസ് ഫീയായി ഈടാക്കിയിട്ടുണ്ട്.ഉദാ:

| FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള നം. | ലൈസൻസിയുടെ പേര് | ലൈസൻസ് ആവശ്യം | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 86 | കെ.വി.മദുസൂധൻ | ഓയിൽ നിർമ്മാണം | 10 ലക്ഷം | 2000 | 500 |
| 99 | അർജ്ജുൻ കെ. | പി.വി.സി. പൈപ്പ് നിർമ്മാണം | 50 ലക്ഷം-1 കോടി | 2000 | 1000 |
| 112 | പി.പി.അബ്ദുള്ള | പെയിന്റ് നിർമ്മാണം | 3ലക്ഷം | 2000 | 200 |

4.FTE&OS ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരമാവധി ലൈസൻസ് ഫീസിനേക്കാളും ഉയർന്ന നിരക്ക് പഞ്ചായത്ത് ഈടാക്കുന്നു.

| മേഖല | മൂലധന നിക്ഷേപം | സർക്കാർ നിശ്ചയിച്ച | പഞ്ചായത്ത് നിശ്ചയിച്ച ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| | | പരമാവധി ഫീസ് | |
| ഉൽപാദനം | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും | 1000 | 3000 (50 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും) |

## 1-14 ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക 2 പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ 2019-20 ലെ 562 അപേക്ഷകളിൽ 78 എണ്ണം മാത്രമാണ് ഇപ്രകാരം കാലാവധിക്കു മുൻപ് പുതുക്കിയിരിക്കുന്നത്. കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള സ്ഥലങ്ങൾ സെക്രട്ടറിയുടെ ലൈസൻസ് കൂടാതെ യാതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ പഞ്ചായത്തു പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സമയബന്ധിതമായിത്തന്നെ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 ഇ ടെണ്ടർ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നീ ഇനങ്ങളിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം 2015-16 വർഷം മുതൽ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. 2019-20 സാമ്പത്തികവർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ടെണ്ടർ ഫീസ് ഇനത്തിൽ ഇതുവരെ ലഭിക്കുവാനുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 കരാറുകാർക്ക് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചതിലെ അപാകങ്ങൾ.9,33,740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-2020 സാമ്പത്തികവർഷത്തിൽ തനത് ഫണ്ട് 20 ലക്ഷം രൂപ വകയിരുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ കരാറുകാർക്ക് ജി എസ് ടി പരിഹാരത്തുക എന്ന പ്രോജക്ടിൽ (നം.205/20 സ്പിൽ ഓവർ പ്രോജക്ട്) 9,33,740/- രൂപ താഴെപ്പറയും പ്രകാരം ചെലവഴിക്കുകയുണ്ടായി.

| കരാറുകാരന്റെ പേര് | ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ അനുവദിച്ച തുക | കാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | റിമാർക്സ് |
|---|---|---|---|
| സുവർണ്ണകുമാർ. കെ എം | 412189 | 27-12-2019 | 2017-18 വർഷത്തെ തുക |
| പത്മനാഭൻ.കെ.വി | 6496 | 14-02-2020 | 2017-18 വർഷത്തെ തുക |
| സുവർണ്ണകുമാർ.കെ എം | 432345 | 14-02-2020 | 2018-19 വർഷത്തെ തുക |
| ടി.നാരായണൻകുട്ടി | 45189 | 14-02-2020 | 2017-18 വർഷത്തെ തുക |

| | | | |
|---|---|---|---|
| ടി.വി ഉണ്ണികൃഷ്ണൻ | 37521 | 14-02-2020 | 2017-18 വർഷത്തെ തുക |
| ആകെ | 9,33,740 | | |

കുറിപ്പ്:- കാഷ് ബുക്കിൽ വൗച്ചർ നമ്പർ, ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പട്ടികയിൽ പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1. കരാറുകാർ നൽകിയ അപേക്ഷ, ജി എസ് ടി ഒടുക്കിയതിന്റെ ഇൻവോയ്സ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.സെൽഫ് ഡിക്ലറേഷനിൽ ടാക്സ് ഇൻവോയ്സ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3.കരാറുകാർ ടാക്സ് ഇൻവോയിസ് ഹാജരാക്കാത്ത സാഹചര്യത്തിൽ 2% ജി എസ് ടി (GST-TDS) കിഴിവ് വരുത്താത്ത ബില്ലുകളിലും പരിഹാരത്തുക അനുവദിച്ചപ്പോൾ കരാറുകാർ ടാക്സ് നെറ്റ് വർക്ക് പരിധിയിൽ ഉൾപ്പെട്ടിരുന്നുവോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4.സർക്കാരിന്റെ 29-09-2018 തീയതിയിലെ സ.ഉ.(സാധാ)2532/2018/തസ്വഭവ ഉത്തരവ് പ്രകാരം സെൽഫ് ഡിക്ലറേഷൻ സ്റ്റേറ്റ്മെന്റ് സെൻട്രൽ ജി എസ് ടി, സ്റ്റേറ്റ് ജി എസ് ടി ഓഫീസുകൾക്ക് അയച്ച് നൽകിയതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 9,33,740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 രാജീവ് ദശലക്ഷം -പട്ടേരിക്കുന്ന് റോഡ് ടാറിംഗ് :എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ-നിർവഹണ ഘട്ടത്തിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്ന സാഹചര്യം

2019-2020 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ രാജീവ് ദശലക്ഷം – പട്ടേരിക്കുന്ന് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നമ്പർ-174/20, അടങ്കൽ തുക 5,00,000/-) എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് 11-04-2019 തീയതിയിലെ ഭരണസമിതിയുടെ തീരുമാനം നമ്പർ-5 പ്രകാരം അനുമതി നൽകുകകയുണ്ടായി. ചെയിനേജ് 0/00 മുതൽ 0/190 വരെ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 2018-2019 ലെ സ്പിൽ ഓവർ പ്രോജക്ടായ രാജീവ് ദശലക്ഷം – പട്ടേരിക്കുന്ന് റോഡ് ടാറിംഗ് എന്ന പ്രവൃത്തി അമ്മാനപ്പാറ – കാരക്കുണ്ട് പൊന്നരുക്കി പാറ റോഡിൽ നിന്ന് ആരംഭിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് റോഡിന്റെ കുറെ ഭാഗം കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ ഉൾപ്പെട്ടതാണെന്ന് സൈറ്റിൽ നിന്ന് മനസ്സിലായിയെന്നും നിലവിൽ ടാർ ചെയ്ത് നിർത്തിയ പട്ടേരിക്കുന്ന് ഭാഗം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ചെയിനേജ് 0/150 മുതൽ 0/350 വരെ പ്രവൃത്തി ചെയ്യുവാൻ സാധിക്കാത്തതിനാൽ തുടർന്നുള്ള ഭാഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനോടൊപ്പം എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനും അനുമതി നൽകണമെന്ന അസിസ്റ്റന്റ് എൻജിനീയറുടെ അപേക്ഷ പരിഗണിച്ചാണ് രാജീവ് ദശലക്ഷം – പട്ടേരിക്കുന്ന് റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നമ്പർ-174/20) എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് ഭരണസമിതി അനുമതി നൽകിയിട്ടുള്ളത്. 482761/- രൂപ പ്രവൃത്തിക്കായി തൻവർഷം ചെലവഴിക്കുകയും (05-09-2019 ന് 4,60,000/- രൂപ മെയിന്റനൻസ് ഫണ്ട്-റോഡ്, 22,761/- രൂപ തനത് ഫണ്ട്) ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1.റോഡ് മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിലെ വിഴ്ച

റോഡ് മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച തരത്തിൽ നിർവഹണഘട്ടത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നത് റോഡ് മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് നെറ്റ് വർക്ക് വളരെ വിപുലമായതിനാലും കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി അതിർത്തി പങ്കിടുന്നതിനാലും റോഡ് മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ പഞ്ചായത്ത് നിർവഹണം നടത്തുന്ന മറ്റ് റോഡ് പ്രോജക്ടുകളിൽ സംഭവിക്കാതിരിക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

2.റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽ ചെയിനേജ് വ്യക്തമാക്കിയിട്ടില്ല

റിവൈസ് ചെയ്ത എസ്റ്റിമേറ്റിൽ ചെയിനേജ് വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല, എക്സ്ട്രാ ഇനം ഉൾപ്പെടുത്തിയാണ് പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-18 പൊതുമരാമത്ത് പ്രവൃത്തികളിൽ ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി ബിൽ മാറുന്നതിലെ കാലതാമസം പദ്ധതിവിഹിതം ലാപ്സാകുന്നതിന് കാരണമായി.

പൊതുമരാമത്ത് മേഖലയിൽ 2019-2020 സാമ്പത്തിക വർഷത്തിൽ അംഗീകാരം വാങ്ങിയ 66 പുതിയ പ്രോജക്ടുകളും 58 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടെ 124 പ്രോജക്ടുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിനായി വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് സ്രോതസ്സുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 3193245 | 431043 |
| എസ്.സി.പി. | 1802000 | 905252 |
| ടി.എസ്.പി | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13265270 | 5460550 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 28087842 | 7890022 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3392353 | 990461 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1500000 | 473581 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1393096 | 1058375 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3111907 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | 0 |
| തനത് ഫണ്ട് | 18262471 | 8037503 |
| മറ്റുള്ളവ | 20000 | 0 |
| ആകെ | 74528184 | 25246787 |

40 സ്പിൽ ഓവർ പ്രോജക്ടുകൾക്കും 26 പുതിയ പ്രോജക്ടുകൾക്കും മാത്രമാണ് തൻവർഷം ഫണ്ട് വിനിയോഗിക്കുവാൻ സാധിച്ചത്. പ്രോജക്ടുകൾ പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ക്യൂ ബിൽ ആയി മാറുകയും 2020-21

വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് പ്രസ്തുത ചെലവ് വഹിക്കേണ്ട സാഹചര്യമാണുണ്ടായത്. ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് നഷ്ടപ്പെടുത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് മേൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതി വിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ അംഗീകാരം സാമ്പത്തിക വർഷാരംഭത്തിന് വളരെ മുൻപ് തന്നെ (2018 ഡിസംബർ) ലഭ്യമാക്കുവാൻ സാധിച്ചിട്ടും തുടർന്നുള്ള നിർവഹണ പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1.വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2.എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നേടിയെടുക്കുന്നതിലുണ്ടായ കാലതാമസം

3.സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിലുണ്ടായ കാലതാമസം.

കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണ പുരോഗതിയ്ക്ക് തടസ്സമായി. വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ഉടൻ പ്രോജക്ടുകൾക്ക് വെറ്റിംഗ്/ സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രോജക്ടുകൾ തയ്യാറാക്കിയതും മേൽ അവസ്ഥയ്ക്ക് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. കരാറുകാരുടെ യോഗം വിളിച്ച് ചേർത്ത് നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി. അംഗീകാരം മുതൽ പ്രോജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കും ഉണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് ആവർത്തിക്കാതിരിക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്

## 1-20 അസിസ്റ്റന്റ് എൻജിനീയർ-കാഷ് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിലെ അപാകങ്ങൾ.

സർക്കാരിന്റെ 12-04-2006 ലെ ജി.ഒ.(പി)177/2006/ഫിൻ ഉത്തരവ് ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ടി.ആർ 7എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് രേഖപ്പെടുത്തുന്നതിനായി പ്രത്യേകമായി ഒരു സബ്സിഡിയറി രജിസ്റ്റർ (അനക്സർ-ബി-4) സൂക്ഷിക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ കാഷ് ബുക്ക് (ടി.ആർ 7എ ഫാറത്തിലുള്ളതല്ല) സൂക്ഷിച്ചിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ടിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന വിവിധ ചെക്കുകൾ പണമാക്കി മാറ്റി ചെലവ് നടത്തുമ്പോൾ കാഷ് ബുക്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ മുഴുവൻ ഇടപാടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നയങ്ങളുടെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച മാതൃകയിലുള്ള ടി.ആർ 7എ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തി-ഫയലുകളിൽ സുപ്രധാനരേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ താഴെപ്പറയുന്ന

സുപ്രധാന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

1.കംപ്ലീഷൻ സർട്ടിഫിക്കറ്റ്

2മോണിറ്ററിംഗ് റിപ്പോർട്ട്

3.ബിറ്റുമെൻ വാങ്ങിയതിന്റെ ബില്ലുകൾ (റോഡ് ടാറിംഗ് പ്രവൃത്തികൾ)

4.റോഡ് മാപ്പ്,റോഡ് കണക്ടിവിറ്റി പ്ലാൻ

5.ആദായനികുതി,ജി എസ് ടി ,ക്ഷേമനിധി വിഹിതം മുതലായ റിക്കവറി നടത്തിയ തുക ഒടുക്കിയതിന്റെ രേഖകൾ (കാഷ് ബുക്കിലും വിശദവിവരം രേഖപ്പെടുത്തുന്നില്ല.റിക്കവറി ഇനത്തിൽ തനത് ഫണ്ട് വിഹിതം ചെക്കായി നൽകുന്നത് കാഷ് ബുക്കിൽ രേഖപ്പെടുത്തി ചെലവ് കാണിക്കുന്നില്ല.)

6.എസ്റ്റിമേറ്റ് റിപ്പോർട്ട്,റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

20.01.2017 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ).നം.166/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വൽ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഒരു ആസ്തി പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. അനുബന്ധം 9 മാതൃകയിൽ സ്ഥാപനം ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടി ക്രമങ്ങൾ സ്ഥാപനം നടപ്പാക്കിയതായി കാണുന്നില്ല. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ ~~കാലികമാക്കുന്നില്ല.തദ്ദേശ~~ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കിയതായി കാണുന്നില്ല. കൂടാതെ സ്ഥാപനത്തിലെ ഇലക്ട്രോണിക്/ഫർണ്ണിച്ചർ ആസ്തികൾക്ക് തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ ഫോറം 10 ൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

## 1-23 ഡോൺബോസ്കോ സ്കൂളിലേക്ക് കളിയുപകരണങ്ങൾ-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹86069 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 58/19-20 ഡോൺബോസ്കോ സ്കൂളിലേക്ക് കളിയുപകരണങ്ങൾ |
| ആകെ അടങ്കൽ | 100000(ത.ഫ.) |
| ചെലവ് | 86,069/- (ചെക്ക് നം.1181509/10-03-2020) |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഡോൺബോസ്കോ സ്കൂളിലേക്ക് കളിയുപകരണങ്ങൾ വാങ്ങിച്ച് നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം. റ്റി.ബി.എസ്.പബ്ലിഷേർസ് ഡിസ്ട്രിബ്യൂട്ടേർസിന് ₹86069(Bill No.1920/GLR-215 Dt.28-02-2020) നൽകി കളിയുപകരണങ്ങൾ (സീസോ-1,ഡബിൾ സ്വിങ്ങ്-1,സ്ലൈഡർ-1) വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഫിഡ്കോ എന്ന സ്ഥാപനത്തെ ഒഴിവാക്കി റ്റി.ബി.എസ്.പബ്ലിഷേർസ് ഡിസ്ട്രി ബ്യൂട്ടേർസിന് ക്വൊട്ടേഷൻ നൽകിയതിന് കാരണം വ്യക്തമല്ല.

2.കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്,പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം,ഭരണ സമിതി തീരുമാനം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.റ്റി.ബി.എസ്.പബ്ലിഷേർസ് ഡിസ്ട്രിബ്യൂട്ടേർസിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല.

4.വാങ്ങിച്ച കളിയുപകരണങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം നടത്തിയതായോ കാണിക്കുന്ന രേഖകൾ ലഭ്യമല്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹86069 തടസ്സപ്പെടുത്തുന്നു.

## 1-24 വായനാമൂല-വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തുക₹50000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജ്കട് നമ്പർ പേര് | 245/19-20/വായനാമൂല |
| ആകെ അടങ്കൽ | 50000(ത.ഫ.) |
| ചെലവ് | 50000(ചെക്ക് നം.511151550119009/25-03-2020) |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന13 സ്കൂളുകളിൽ ദിനപത്രം എത്തിക്കുന്നതായിരുന്നു പദ്ധതി ലക്ഷ്യം.ഇതിനായി ₹50000 ദേശാഭിമാനിക്ക് കൈമാറിയിട്ടുണ്ട്.50 പത്രങ്ങൾ ദിവസേന വിവിധ സ്കൂളുകളിലായി വിതരണം ചെയ്യുന്നതിനായിരുന്നു കരാർ.എന്നാൽ പത്രത്തിന്റെ വിതരണം സംബന്ധിച്ച് സ്കൂളുകൾ നൽകിയ കൈപ്പറ്റ് രസീതിൽ എത്ര എണ്ണം പത്രങ്ങൾ ലഭിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു.

## 1-25 അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹149879 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജ്കട് നമ്പർ പേര് | 75/19-20 അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം |
| ആകെ അടങ്കൽ | 150000(ത.ഫ.) |
| ചെലവ് | 149879(ചെക്ക് നം.-ലഭ്യമല്ല) |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം.ഇതിനായി റ്റി.ബി.എസ്. ഡിസ്റ്റി ബ്യൂട്ടേർസിൽ നിന്ന് 149879 രൂപയുടെ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(A)പദ്ധതിയുടെ ചെലവ് രേഖകൾ-ചെക്ക് കോപ്പി, തുക അനുവദിക്കുന്നതിനുള്ള റിക്വസിഷൻ മുതലായവ ഫയലിൽ ലഭ്യമല്ല.

(B)സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ നടത്തിയോ എന്ന് വ്യക്തമല്ല.ടെണ്ടർരേഖകൾ ഫയലിൽ ലഭ്യമല്ല.

(C)വിവിധ ക്ലബ്ബുകളിൽ നിന്നും ലഭ്യമാക്കിയ കൈപ്പറ്റ് രസീതിലെ വിവരങ്ങൾ ആകെ വാങ്ങിയ സ്പോർട്ട്സ് ഉപകരണങ്ങളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

(D)സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തോ എന്ന് വ്യക്തമല്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹149879 തടസ്സപ്പെടുത്തുന്നു.

## 1-26 അംഗൻവാടി പോഷകാഹാര പദ്ധതി-രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹207304 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജ്ക്റ്റ് നമ്പർ പേര് | 19/19-20അംഗൻവാടി പോഷകാഹാര പദ്ധതി |
| ആകെ അടങ്കൽ | 4000000 |
| ചെലവ് | 3583654 |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

(A)ബിൽ നം.4/19-20 /06-09-2019 ₹201382

പച്ചക്കറി,ഗ്യാസ് എന്നിവ വാങ്ങിയ ഇനത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകിയ ₹44607 ക്ക് അനുബന്ധമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(B)ബിൽ നം.10/19-20/21-12-2019 / ₹257475

മേൽ കാണിച്ച ബിൽ പ്രകാരം വാങ്ങിയ ന്യൂട്രിമിക്സ്(1903.5 Kg,₹139907),ഭക്ഷ്യ വസ്തുക്കൾ(₹22790) എന്നിവ സ്റ്റോക്കിൽ എടുത്തതായോ വിതരണം ചെയ്തതായോ ഉള്ള രേഖകളില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹207304 (₹44607+₹162697) തടസ്സപ്പെടുത്തുന്നു.

## 1-27 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 23/19-20ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ |
| ആകെ അടങ്കൽ | 1600000 |
| ചെലവ് | 1150000 |

പഞ്ചായത്ത് പരിധിയിൽ പെട്ട ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(A)വിവിധ നിരക്കുകളിൽ സ്കോളർഷിപ്പ് നൽകുന്നു.

1. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രതിമാസം ₹1000,യാത്രാബത്ത പ്രതിമാസം₹1000,വസ്ത്രങ്ങൾക്കുള്ള ബത്ത₹1500(വാർഷികം), പഠനസഹായികൾക്ക് ബത്ത₹2000(വാർഷികം), ഉല്ലാസയാത്രാ ചെലവുകൾ ₹1000 എന്നിങ്ങനെ ആണ്.എന്നാൽ 2019-20 വർഷം പഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിവിധ നിരക്കുകളിൽ ധനസഹായം നൽകിയതായി കാണുന്നു.ആകെ 49 കുട്ടികളാണ് ഈ വിഭാഗത്തിൽ സ്കോളർഷിപ്പ് ലഭിച്ചവർ ഇതിൽ 42 കുട്ടികൾക്ക് ₹19125 രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചപ്പോൾ താഴെ പറയുന്ന കുട്ടികൾക്ക് താഴെ കാണിച്ച നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | ദിവിൻ കെ. | 24000 |
| 2 | ബിനു പി.പി. | 24000 |
| 3 | ഗോപിക എം. | 24000 |
| 4 | അമർനാഥ് | 19000 |
| 5 | നഷൈൽ | 19000 |
| 6 | മഹറൂഫ് കെ.എൻ. | 19425 |
| 7 | സൂര്യ ഇ.കെ. | 19000 |

2.ശാരീരിക വൈകല്യമുള്ള ഒരേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകി. ഉദാഹര ണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ക്ലാസ്സ് | തുക |
|---|---|---|---|
| 1 | ആദിത്യ കെ.സി. | X | 6000 |
| 2 | അഷിൻ കെ. | X | 11200 |
| | | | |

| | | | |
|---|---|---|---|
| 3 | സർഫാസ് എം. | VI | 10000 |
| 4 | ഫാത്തിമ ഉനൈസ് | V | 8900 |

വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(B)അധികം തുക നൽകി.

| ക്രമ നം. | പേര് / പഠിക്കുന്ന ക്ലാസ്സ് | നൽകിയ തുക | യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക(Maximum) | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കാവ്യ കെ./IX | 15200 | 12000 | 3200 |
| 2 | ഷെബിന കെ. | 19125 | 17500 | 1625 |
| | | | ആകെ | 4825 |

(C)ബിബിൻ ബാബു എന്ന കുട്ടി പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന ആളാണ്. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(നൽകിയ തുക-₹14000)

(D)മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പേര് | തദ്ദേശസ്വയം ഭരണ സ്ഥാപനം | നൽകിയ തുക ₹ |
|---|---|---|---|
| 1 | കാവ്യ കെ. | കോതമംഗലം | 15200 |
| 2 | മുഹമ്മദ് ഹാഫിസ് | തളിപറമ്പ | |
| 3 | ബിനു പി.പി. | കടന്നപ്പള്ളി -പാണപ്പുഴ | 24000 |

(E)ആദിത്യ കെ.സി.-മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിൽ 30% ഡിസ് എബിലിറ്റി എന്നാണ് രേഖപ്പെടു ത്തിയിരിക്കുന്നത്. കുറഞ്ഞത് 40% ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കാണ് ആനുകൂല്യത്തിന് അർഹത.സർട്ടിഫിക്കറ്റിൽ ഒരു വർഷത്തിനു ശേഷം പുനപ്പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. (കൈപ്പറ്റിയ തുക ₹6000).

(G) പി.എം.ഇഷ്ഹാക്ക് കാസിം – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന നിരക്കിൽ ₹19125 നൽകിയിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന ആളാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നമ്പർ 2465/2016 തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ ഗ്രാമ പഞ്ചായത്തിൽ ഓരോ വർഷവും ആകെ എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം ലഭ്യമാക്കേണ്ടതുണ്ടെന്ന് കൃത്യമായ വിവരം ലഭ്യമല്ല. ലഭ്യമായ തുക അപേക്ഷിക്കുന്ന കുട്ടികൾക്ക് പല നിരക്കുകളിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതു മൂലം ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതി രൂപീകരണ സമയത്തു തന്നെ വിവര ശേഖരണം നടത്തേണ്ടതും അർഹമായ മുഴുവൻ തുകയും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് ഖണ്ഡികയിൽ പരാമർശിച്ച എല്ലാ അപാകങ്ങൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 സംരംഭകത്വ പ്രോത്സാഹനം-റിവോൾവിംങ് ഫണ്ട് തിരിച്ച് ഒടുക്കുന്നതിൽ വീഴ്ച്ച.

2017-18,2018-19,2019-20 സാമ്പത്തിക വർഷങ്ങളിലായി വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലൂടെ ആകെ 25ഗുണഭോക്താക്കൾക്ക് സംരംഭകത്വ പ്രോത്സാഹനമായി റിവോൾവിംങ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.സഹായം ലഭിച്ച് മൂന്നു മാസങ്ങൾക്ക് ശേഷം ആദ്യത്തെ 9 മാസം ഇ.എം.ഐ.കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് 4 വർഷത്തിനകം തിരിച്ചടവ് പൂർത്തിയാക്കുന്ന തരത്തിലാണ് തുക തിരിച്ചടവ് നടത്തേണ്ടത് . സഹായം ലഭിച്ച ഗുണഭോക്താക്കൾക്കളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ റിവോൾവിംങ് ഫണ്ട് തിരിച്ച് ഒടുക്കുന്നതിൽ ചില ഗുണഭോക്താക്കൾ മാസങ്ങളായി വീഴ്ച്ച വരുത്തുന്നതായി കണ്ടെത്തി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | റിവോൾവിങ്ങ് ഫണ്ട് | അടക്കാൻ ബാക്കിയുള്ള തുക | അവസാനം ഒടുക്കിയ മാസം |
|---|---|---|---|---|
| 1 | അന്നമ്മ രാജു | 10000 | 5500 | 3/2019 |
| 2 | തമ്പി മാത്യു | 10000 | 3500 | 1/2019 |
| 3 | ധന്യ കെ.കെ. | 10000 | 6500 | 1/2019 |
| 4 | ലത ജയ്മോൻ | 10000 | 6500 | 1/2019 |
| 5 | നിഖിൽ ടി. | 10000 | 6500 | 1/2019 |
| 6 | നാരായണൻ പി.കെ. | 50000 | 6000 | 12/2020 |
| 7 | ശിഹാബുദ്ദീൻ കെ. | 50000 | 28000 | 3/2020 |
| 8 | റഷീദ മുസ്തഫ | 40000 | 30000 | 12/2019 |
| 9 | പുഷ്പജ എം.വി. | 30000 | 5000 | 3/2021 |
| 10 | ആയിഷ കെ.പി. | 30000 | 19000 | 4/2020 |
| 11 | മുഹമ്മദ് കുഞ്ഞി | 50000 | 50000 | ----- |
| 12 | ജിൻസി തോമസ് | 50000 | 45000 | 10/2020 |
| 13 | അച്ചൻ കുഞ്ഞ് കെ. | 10000 | 10000 | ------ |

12-10-2020 ലെ പഞ്ചായത്ത് തീരുമാനം 11/62/2020 പ്രകാരം തുക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തിയവർക്ക് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നിലവിലും തുക തിരിച്ചടവ് ഉണ്ടാകാത്ത സാഹചര്യം ആണ് നിലനിൽക്കുന്നത്. റീ ക്ലൂപ്പ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം പഞ്ചായത്ത് വകയിരുത്തുന്ന തുകയും ചേർന്നതാണ് അടുത്ത വർഷത്തെ റിവോൾവിംങ് ഫണ്ട് ,ആയതിനാൽ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കാണുന്നതിന് റീ ക്ലൂപ്പ്മെന്റ് ഫണ്ടിലേക്കുള്ള ഒടുക്കിൽ വീഴ്ച്ച വരുത്താതെ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.03.21മുതൽ 23.03.21 വരെ | കെ.എസ്.എ/കെ.എൻ.ആർ. / സി.3/417/2021<br>തീയതി: -04-2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കണ്ണൂർ | 2019-20 | 8,20,000 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി (പ്രോജക്ട് നമ്പർ-20/20) | 8,20,000 | 0 |
| | | 56866 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നമ്പർ-52/20) | 56866 | 0 |
| | | 44138 | നെൽക്യഷിവികസനപദ്ധതി (പ്രോജക്ട് നമ്പർ-06/20) | 44138 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ | 2019-20 | 22,00,000 | ലൈഫ് മിഷൻ ഭവനനിർമ്മാണപദ്ധതി (പ്രോജക്ട് നമ്പർ-20/20) | 1700000 | 500000 |
| | | 25000 | ലൈഫ് മിഷൻ ഭവനനിർമ്മാണപദ്ധതി (പ്രോജക്ട് നമ്പർ-161/20) | 25000 | 0 |
| | | 383604 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 383604 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രോജക്റ്റ് നമ്പർ-52/20) | | |
| | | 1156000 | നെൽകൃഷിവികസനപദ്ധതി (പ്രോജക്റ്റ് നമ്പർ-06/20) | 1156000 | 0 |
| | | 65575 | കാർഷിക യന്ത്രവൽക്കരണം (പ്രോജക്റ്റ് നമ്പർ-40/20) | 65575 | 0 |
| | | 350000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നമ്പർ-23/20) | 350000 | 0 |
| | | 500000 | ശ്മശാന നവീകരണം | 0 | 500000 |
| | | 300000 | അംഗനവാടി കെട്ടിടം | 0 | 300000 |
| | | 400000 | എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ | 0 | 400000 |

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തൻവർഷം ചെലവ് നടന്നിട്ടില്ല എന്ന് കണക്കാക്കിയാണ് ചെലവഴിക്കാൻ ബാക്കിയുള്ള തുക പട്ടികയിൽ ഉൾപ്പെടുത്തിയത്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി,പരിയാരം | വിവിധ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 237/20) | 21901293/ 31-03-2020 | 113477 | 0 | 113477 |
| കെ എസ് ഇ ബി,കരിമ്പം | അമ്മാനപ്പാറ-പുളിയൂൽ കാരക്കുണ്ട് റോഡിൽ ഇലക്ട്രിക് പോസ്റ്റ്, | 21900720/ 21.12.19 | 83571 | 0 | 83571 |

| | | | | | |
|---|---|---|---|---|---|
| | കെ.ഡബ്ല്യു.എ പൈപ്പ് മാറ്റി സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 224/20) | | | | |
| കേരള വാട്ടർ അതോറിറ്റി | അമ്മാനപ്പാറ-പുളിയൂൽ കാരക്കുണ്ട് റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ്, കെ.ഡബ്ല്യു.എ പൈപ്പ് മാറ്റി സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 224/20) | 21900828/ 26.12.19 | 260000 | 0 | 260000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പ / വായ്പ തിരിച്ചടവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി (1,2 ഘട്ടം) | സ.ഉ (എം.എസ്) 68/2018 തീയതി 18-05-2018 | | 2830238 | 1370000 | 4200238 | 441176 | 0 | 3759062 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 20000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

<u>വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 60, സർട്ടിഫിക്കറ്റ് നമ്പർ 212തീയതി 28-12-2004 | ₹20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 2-14 | 2007-08 | 3-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2016-17 | 1 | 2014-15 | 2-1 | വസ്തുനികുതി | |
| | 2 | | 2-2 | തൊഴിൽനികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73031806 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73016001 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1426992 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര |
|---|---|---|
| 1-12 | 9000 | ശ്രീ സന്തോഷ് കുമാർ.വി പി,സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 9000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 933740 | 1.ശ്രീമതി ശ്രീലത.പി,<br>അസിസ്റ്റന്റ് എൻജിനീയർ (412984)<br>2.ശ്രീ രൂപേഷ്.ടി,<br>അസിസ്റ്റന്റ് എൻജിനീയർ (520756) |
| 1-23 | 86069 | ശ്രീമതി സതീദേവി.പി.എം,<br>ഹെഡ്മിസ്ട്രസ്,ജി എൽ പി സ്കൂൾ,മാവിച്ചേരി. |
| 1-24 | 50000 | ശ്രീമതി സതീദേവി.പി.എം,<br>ഹെഡ്മിസ്ട്രസ്,ജി എൽ പി സ്കൂൾ,മാവിച്ചേരി. |
| 1-25 | 149879 | ശ്രീമതി സതീദേവി.പി.എം,<br>ഹെഡ്മിസ്ട്രസ്,ജി എൽ പി സ്കൂൾ,മാവിച്ചേരി. |
| 1-26 | 207304 | ശ്രീമതി.ചിത്രലേഖ എ പി ,<br>ഐ സി ഡി എസ് സൂപ്പർവൈസർ(44607)<br>ശ്രീമതി ശൈലജ.പി പി,<br>ഐ സി ഡി എസ് സൂപ്പർവൈസർ(162697) |
| ആകെ | 1426992 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-11, 1-13, 1-14 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കുമാർ. വി പി,സെക്രട്ടറി | സെക്രട്ടറി,കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത് | സാഫല്യം,അന്നൂർ,<br>അന്നൂർ(പി.ഒ),കണ്ണൂർ |
| ശ്രീ.രൂപേഷ്.ടി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, പരിയാരം ഗ്രാമപഞ്ചായത്ത് | ദേവസ്വരം,കണിച്ചാമൽ,<br>കരിമ്പം(പി.ഒ),കണ്ണൂർ |
| ശ്രീമതി സതീദേവി. പി.എം. | ഹെഡ്മിസ്ട്രസ്,ജി എൽ പി എസ് മാവിച്ചേരി. | സരയൂ,കുറ്റ്യേരി,<br>കുറ്റ്യേരി(പി.ഒ),കണ്ണൂർ |
| ശ്രീമതി ചിത്രലേഖ. എ പി | ഐ സി ഡി എസ് സൂപ്പർവൈസർ,പയ്യന്നൂർ ബ്ലോക്ക്,കണ്ണൂർ | കണിയൻ ഹൗസ്,<br>കണിയൻ,<br>കരിവെള്ളൂർ,കണ്ണൂർ |
| ശ്രീമതി ശൈലജ. പി പി | ഐ സി ഡി എസ് സൂപ്പർവൈസർ,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്,കണ്ണൂർ | പുതിയപുരയിൽ,<br>പേരൂൽ,<br>മാതമംഗലം,കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെഎസ്എ/കെഎൻആർ/ സി13-760/19 തീയതി 07.06.19 | 4 |
| 1999-00 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 3 |
| 2003-04 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 6 |
| 2004-05 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 1 |
| 2005-06 | കെഎസ്എകെഎൻആർ/സി13-760/19 തീയതി 07.06.19 | 3 |
| 2006-07 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 1 |
| 2007-08 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 4 |
| 2008-09 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 7 |
| 2009-10 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 6 |
| 2010-11 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 11 |
| 2011-12,12-13 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 5 |
| 2013-14,14-15 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 10 |
| 2015-16 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 10 |
| 2016-17 | കെഎസ്എ/കെഎൻആർ/സി13-760/19 തീയതി 07.06.19 | 15 |
| 2017-18 | കെഎസ്എ/കെഎൻആർ/സി13-467/19 തീയതി 15.06.19 | 13 |
| 2018-19 | കെഎസ്എ/കെഎൻആർ/സി13-576/19 തീയതി 25.08.2020 | 19 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## വരവ്-ചെലവ് പത്രിക

| Pariyaram Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30047995 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1656650 |
| 130000000 | Rental income from Panchayat Properties | RP-3 | 250 |
| 140000000 | Fees & User Charges | RP-4 | 1132643 |
| 150000000 | Sale & Hire Charges | RP-5 | 331068 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47144097 |
| 171000000 | Interest Earned | RP-9 | 272723 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12066839 |
| 350000000 | Other Liabilities | RP-36 | 234761 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7284 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 3995 |
| 330000000 | Secured Loans | RP-32 | 1370000 |
| 340000000 | Deposits Received | RP-34 | 132028 |
| 350000000 | Other Liabilities | RP-36 | 653743 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 8025725 |
| 460000000 | Loans, Advances and Deposits | RP-47 | 0 |
| | Grand total | | 103079801 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3860636 |
| 220000000 | Administrative Expenses | RP-12 | 2293384 |
| 230000000 | Operations & Maintenance | RP-13 | 1137348 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5259107 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28845953 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1785844 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 205075 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 514480 |
| 255000000 | Maintenance Projects | RP-20 | 9091166 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20000 |
| 280000000 | Prior Period item | RP-26 | (-) 38421 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Other Liabilities | RP-36 | 12300758 |
| NONOPERATING | | | |
| 240000000 | Interest & Finance Charges | RP-14 | 168041 |
| 280000000 | Prior Period Items | RP-26 | (-) 3114 |
| 340000000 | Deposits Received | RP-34 | 65528 |
| 350000000 | Other Liabilities | RP-36 | 2361627 |
| 410000000 | Fixed Assets | RP-38 | 388573 |
| 412000000 | Capital work in Progress | RP-40 | 7648352 |
| 460000000 | Loans, Advances and Deposits | RP-47 | 898021 |
| | | | |
| Bank | Bank | RP-40(b) | 30063800 |
| Cash | Cash | RP-40(b) | 0 |
| | GRANT TOTAL | | 103079801 |

## Annex3-2

## ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Pariyaram Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9734213 |
| 130000000 | Rental Income from Panchayat Properties | I-3 | 250 |
| 140000000 | Fee & User Charges | I-4(b) | 1583524 |
| 150000000 | Sale & Hire Charges | I-5(b) | 397320 |
| | | | |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 138303877 |
| 171000000 | Interest Earned | I-8 | 272723 |
| 180000000 | Other Income | I-9 | 7284 |
| | Total Income | | 150299191 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10241772 |
| 220000000 | Administrative Expenses | I-11(b) | 2293384 |
| 230000000 | Operations & Maintenance | I-12(b) | 1137348 |
| 240000000 | Interest & Finance Charges | I-13 | 168041 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 15958220 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54823339 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8990161 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 205075 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 42338980 |
| 255000000 | Maintenance Projects | I-14(e) | 9091166 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 432189 |
| 270000000 | Provisions and Write off | I-16 | 18465 |
| 272000000 | Depreciation | I-17(a) | 14597897 |
| | Total Expenditure | | 160296037 |
| | Gross Surplus/ Deficit of income over Expenditure | | -9996846 |
| 280000000 | Prior Period Item | I-18 | 40667221 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -50664067 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Pariyaram Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -63338521.77 |
| | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13688 |
| 312000000 | Reserves | B-3 | 102834325 |
| | Total Reserve & Surplus | | 39509491.82 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9208363.82 |
| | Total Grants, Contributions for Specific Purposes | | 9208363.82 |
| | Loans | | |
| 330000000 | Secured Loans | B-5 | 3759062 |
| | Total Loans | | 3759062 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1193147.95 |
| 350000000 | Other Liabilities | B-9 | 3351853 |
| | Total Current Liabilities and Provisions | | 4545000.95 |
| | TOTAL LIABILITIES | | 57021918 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 149512564 |
| 411000000 | Accumulated Depreciation | B-11 | -123820777 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 25691787 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 206562 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 30063800 |
| 460000000 | Loans, Advances and Deposits | B-18 | 1039769 |
| | Total Current Assets, Loans and Advances | | 31310131 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 57021918 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.